
# Conference Chronicle

THE NORTHEAST AMERICAN DIOCESE OF
THE MALANKARA ORTHODOX SYRIAN CHURCH

"Jesus Christ the foundation"

JULY 17, 2019 Kalahari, Poconos Hills, Pennsylvania
PRIVATE CIRCULATION ONLY
FAMILY & YOUTH CONFERENCE 2019 DAILY NEWSLETTER


## കെട്ടിപ്പടുക്കാം വിശ്വാസസമൂഹം



**സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത**

'ആത്മീയതയിലൂന്നിയുള്ള വിശ്വാസ സമൂഹം കെട്ടിപ്പടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനുള്ള ശക്തിയായി ഈ കോൺഫറൻസ് മാറട്ടെ എന്നാശംസിക്കുന്നു. ദുഃഖത്തിന്റെയും ആകുലതയുടെയും വ്യഥകളുടെയും നടുവിൽ നിന്നും നമ്മുടെ കുടുംബങ്ങൾ ആശങ്കപ്പെടുമ്പോൾ അവരുടെ വിഷമതകൾ നമുക്ക് ദൈവത്തിനു സമർപ്പിച്ച് ഒത്തൊരുമിച്ചു പ്രാർത്ഥിക്കാം. പ്രാർത്ഥനയുടെ ശക്തിയും വിശ്വാസത്തിന്റെ ഊർജവും നമുക്ക് ഈ ആത്മീയവേദിയിൽ അനുഭവിക്കണം. കുടുംബത്തിൽ നിന്നും സമൂഹത്തിലേക്ക് വളരുന്ന നമ്മുടെ പുതിയ തലമുറയ്ക്ക് പകർന്നു നൽകാൻ നമുക്ക് നന്മയുടെ ചില ശീലങ്ങൾ പകർന്നു നൽകേണ്ടിയിരിക്കുന്നു. അവർക്ക് പഠിക്കുവാനും പഠിപ്പിക്കുവാനും വിശുദ്ധിയുടെ വേദപാഠങ്ങൾ നമുക്ക് കാണിച്ചു കൊടുക്കേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ളവരുടെ മുന്നിലേക്ക് നമ്മുടെ കുട്ടികൾ ഇറങ്ങിച്ചെല്ലുമ്പോൾ നമുക്ക് അവരെ ഉത്തരവാദിത്വവുമുള്ള പൗരന്മാരായി മാറ്റേണ്ടിയിരിക്കുന്നു. പരിശുദ്ധമായ കുടുംബത്തിൽ നിന്നും ലോകത്തിന്റെ നെറുകയിലേക്ക് കയറിച്ചെല്ലുമ്പോൾ അവനോടൊപ്പം നിലകൊള്ളേണ്ടത് ഈ വിശ്വാസത്തിന്റെ വിശ്വതലങ്ങളാണ്. അതാണ് അവനെ നയിക്കുന്നതും. എല്ലാ നന്മകളും.'

## FYC- 2019 SPEAKERS

**കോ**ൺഫറൻസിന്റെ ഈ വർഷത്തെ ചിന്താവിഷയം 'യേശുക്രിസ്തു ഇട്ടിരിയ്ക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല' കൊരിന്ത്യർ 3:11. എന്ന ബൈബിൾ വാക്യത്തെ ആസ്പദമാക്കി ക്രമീകരിച്ചിരിയ്ക്കുന്നു. മുതിർന്നവർക്കായി ക്ലാസ്സുകൾ നയിയ്ക്കുന്നത് ഓർത്തഡോക്സ് തിയോളിയ്ക്കൽ ലക്ച്ചറൽ ഫാ.ഏബ്രഹാം തോമസാണ്. യുവജനങ്ങൾക്കായി ക്ലാസ്സുകൾ നയിയ്ക്കുന്നത് സെന്റ് തിക്കോൺ ഓർത്തഡോക്സ് തിയോളിയ്ക്കൽ ഡീനും, ഡിപ്പാർട്ട്മെന്റ് ഓഫ് ഇവാൻഞ്ചലൈസേഷൻ ഓഫ് ദി ഓർത്തഡോക്സ് ചർച്ച് ഇൻ അമേരിയ്ക്കയുടെ ചെയറുമായ റവ. ഡോ. ജോൺ ഇ. പാർക്കർ മൂന്നാമൻ ആണ്. കൂടാതെ നിരവധി സൂപ്പർ സെഷനുകൾക്ക് നേതൃത്വം നൽകുന്നവരിൽ പ്രഗത്ഭരായ വൈദികരും ആത്മായരുമുണ്ട്.



Rev Fr Abraham Thomas
Keynote speaker



DrJohn E Parker
Youth Session Speaker

# ഫാമിലി കോൺഫറൻസിന് തിരിതെളിയുന്നു

# ആത്മീയതയുടെ പകലിരവുകൾ

**സ്വന്തം ലേഖകൻ**

ന്യൂയോർക്ക്: ആത്മീയധന്യതയിലേക്ക് കുടുംബങ്ങളെ കൈപിടിച്ചുയർത്തുന്ന ധ്യാനാനുഭവത്തിനു തുടക്കമായി. മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന് ഇന്നു തിരി തെളിയുന്നതോടെ, ആത്മീയ ദിനരാത്രങ്ങളുടെ സൗമ്യദീപ്തിക്കാണ് ഇവിടെ തിരി തെളിയുക. കോൺഫറൻസിൽ മുതിർന്നവർക്കും, യുവജനങ്ങൾക്കും, കോളേജ് വിദ്യാർത്ഥികൾക്കും കുട്ടികൾക്കും ക്ലാസുകൾ നയിക്കുന്നതും സെമിനാറുകൾക്ക് നേതൃത്വം നൽകുന്നതും അതാത് രംഗങ്ങളിൽ പ്രാവീണ്യം തെളിയിച്ചവരാണെന്ന് കോൺഫറൻസ് കോർഡിനേറ്റർ ഫാ. സണ്ണി ജോസഫ് അറിയിച്ചു. ഭദ്രാസന അധ്യക്ഷൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായുടെ ആത്മീയ നേതൃത്വത്തിലും ഭദ്രാസന കൗൺസിലിന്റെ ആഭിമുഖ്യത്തിലും വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കോൺഫറൻസ് ഏറ്റവും സജീവമാക്കാൻ യത്നിച്ചു വരുന്നു.

ഫാ. സണ്ണി ജോസഫ് (കോ ഓർഡിനേറ്റർ), ജോബി ജോൺ (ജനറൽ സെക്രട്ടറി), മാത്യു വറുഗീസ് (ട്രഷറാർ), തോമസ് വറുഗീസ് (ഫിനാൻസ് കമ്മിറ്റി ചെയർ), ജേക്കബ് ജോസഫ് (സുവനീർ ചീഫ് എഡിറ്റർ), സണ്ണി വറുഗീസ് (ബിസിനസ്സ് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയും അക്ഷീണം പ്രവർത്തിക്കുന്നു. വൈകിട്ട് ആറു മണിക്ക് നടക്കുന്ന ഘോഷയാത്രയിൽ കാനഡ മുതൽ നോർത്ത് കരോലിനാ വരെയുള്ള ഇടവക ജനങ്ങൾ അഞ്ചു മേഖലകളുടെ ബാനറുകൾക്ക് പിന്നിൽ അണിനിരക്കുമെന്ന് കോഓർഡിനേറ്റർ സാജൻ മാത്യുവും അജിത് വട്ടശ്ശേരിലും അറിയിച്ചു. ഏറ്റവും മുൻപിൽ ഫാമിലി കോൺഫറൻസ് ബാനർ തുടർന്ന് അമേരിക്കയുടേയും ഇന്ത്യയുടേയും കാതോലിക്കേറ്റിന്റേയും പാതകൾ വഹിച്ചുകൊണ്ട് സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ ഭദ്രാസന കൗൺസിൽ അംഗങ്ങൾ, കോൺഫറൻസ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ഫിലഡൽഫിയ ഏരിയായിൽ നിന്നുമുള്ള ശിങ്കാരിമേളം, പിന്നിലായി അഞ്ചു മേഖലകളുടെ ബാനറിൽ സഭാ പതാകകൾ വഹിച്ചുകൊണ്ടുള്ള ഏരിയാ കോഓർഡിനേറ്റർമാർ. തുടർന്ന് ബാനറുകളുടെ ക്രമം അനുസരിച്ച് ഇടവക ജനങ്ങൾ രണ്ടു വരിയായി അണിനിരക്കും.

ഇടവക ജനങ്ങൾക്ക് പിന്നിലായി ഭദ്രാസനത്തിലെ വൈദീകർ, ഭദ്രാസന മെത്രാപ്പോലീത്താ, പ്രത്യേക ക്ഷണിതാക്കൾ എന്നീ ക്രമത്തിലാണ് ഘോഷയാത്ര നീങ്ങുന്നതെന്ന് കോൺഫറൻസ് എക്സിക്യൂട്ടീവ് കമ്മിറ്റി അറിയച്ചു. ഉദ്ഘാടന സമ്മേളനത്തെ തുടർന്നുള്ള ടാലന്റ് നൈറ്റിൽ വിവിധ ഇടവകകളിൽ നിന്നുള്ള പരിപാടികൾ അരങ്ങേറും.തുടർന്ന് ഒന്നാം ദിവസത്തിന് സമാപനം.



## കോൺഫറൻസിൽ പങ്കെടുക്കുന്നവർ ശ്രദ്ധിക്കേണ്ടത്


**ഷെ**ഡ്യൂൾ അനുസരിച്ച് കോൺഫറൻസിൽ പങ്കെടുക്കണം. സമയനിഷ്ഠ പാലിക്കണം. ശുചിത്വ ബോധത്തോടെ പെരുമാറേണ്ടതും പരിസരവും മുറികളും വൃത്തിയായി സൂക്ഷിക്കണം. യോജ്യവും സന്ദർഭോചിതവുമായ വസ്ത്രധാരണം പ്രതീക്ഷിക്കുന്നു. രാത്രി 11 മണി മുതൽ പ്രഭാത നമസ്കാരം വരെ നിശബ്ദത പാലിക്കണം. കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾ ശ്രദ്ധിക്കണം. പുകവലി, മദ്യപാനം വിലക്കിയിരിക്കുന്നു. ലംഘിക്കുന്നവരെ പുറത്താക്കും. പുറമെ നിന്നുള്ള ഭക്ഷണം അനുവദനീയമല്ല. ബുഫേ സ്റ്റേഷനുകളിലെ ഭക്ഷണം ഡൈനിങ് ഏരിയായ്ക്ക് പുറത്തേക്ക് കൊണ്ടു പോകരുത്.

ഐഡിയും റിസ്റ്റ് ബാൻഡും കാണത്തക്കവിധം എപ്പോഴും ധരിക്കണം. സന്ദർശകരെ അനുവദിക്കുന്നതല്ല. താമസിക്കുന്ന മുറിയിൽ കേടുപാടുകൾ വരുത്തിയാൽ ഉത്തരവാദികളായിരിക്കും. വിശുദ്ധ ബൈബിൾ, കുർബ്ബാന ക്രമം എന്നിവ കോൺഫറൻസിന് എത്തുന്നവർ സ്വന്തം നിലയിൽ കരുതുന്നത് നന്നായിരിക്കും. സ്പോർട്സ്, ഗെയിംസ് എന്നിവയിൽ പങ്കെടുക്കുന്നവർ വേണ്ടത സാമഗ്രികൾ, വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് കമ്മിറ്റി അറിയിച്ചു.

### QUOTE OF THE DAY

**"നേര് നിരങ്ങിയേ വരികയുള്ളു, അതിപ്പോൾ വന്നു കഴിഞ്ഞു"**

പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ലിൻഡൻ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്ന കാതോലിക്ക ദിന ആഘോഷവേളയിൽ, അടുത്തിടെ ഉണ്ടായ കോടതിവിധിയുടെ വിശദാംശങ്ങൾ പരാമർശിക്കവേ പ്രസ്താവിച്ചത്.



### ഇന്നത്തെ പരിപാടികൾ

▸ 5:00 PM Dinner ▸ 6:00 PM Procession ▸ 6:45 P.M Evening Prayer ▸ 7:15 P.M Inaugural Session ▸ 7:45 P.M Choir ▸ 8:00 P.M Entertainment ▸ 10:30 P.M Executive Committee Meeting ▸ 11:00 P.M Lights Out

**ATTENTION:-**

Looking for Correspondents who have a flair for writing in English and Malayalam, to report conference related news items.
Contact: Chronicle Team

### പ്രത്യേക അറിയിപ്പ്



**ആ**രോഗ്യപ്രശ്നങ്ങൾ ഉള്ളവർക്ക് മെഡിക്കൽ ശ്രദ്ധ ആവശ്യമെങ്കിൽ രജിസ്ട്രേഷൻ സമയത്ത് കമ്മിറ്റിയെ അറിയിക്കുകയോ രജിസ്ട്രേഷൻ ഡസ്കിൽ വച്ചിരിക്കുന്ന ഫോം പൂരിപ്പിച്ച് കമ്മിറ്റിയെ ഏൽപിക്കുകയോ ചെയ്യണമെന്ന് മെഡിക്കൽ കോ ഓർഡിനേറ്റർമാരായ ഡോ. ലിസി ജോർജ്, അനു വറുഗീസ് എന്നിവർ അറിയിച്ചു.

**PLEASE NOTE:** Water theme park access is available for registered participants at NO additional cost on Wednesday between 9 AM and 4 PM. Only registrants are permitted to enter the conference site, rooms and water theme park, according the strict policy of Kalahari. Tight security will be in effect during the entire conference. Special wrist bands will be provided to registered conference participants for water theme park access during conference permitted hours on Wednesday 17th (9-4pm) Thursday July 18 (1- 5pm) and Saturday July 20 (11-9 pm, But you must do checkout at 11am and keep your luggage at your car) at each day. Water theme park will NOT be allowed to be used on Friday July 19.

**ACTIVITIES:** Beginning with a memorable and festive traditional procession, FYC 2019 will provide an experience that nobody will forget. There will be time for sports and games, as well as an Entertainment Night where each parish can showcase their talents.



# Retreat Center

# ഹോളി ട്രാൻസ്ഫിഗറേഷൻ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലേക്ക്: പരി.കാതോലിക്കാ ബാവ

**സ്വന്തം ലേഖകൻ**

മട്ടൺടൗൺ (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം പെൻസിൽവേനിയയിലെ ഡാൽട്ടണിൽ വാങ്ങിയ ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്ററിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സഭയുടെ ഒരു മിഷൻ സെന്ററായി പരിഗണിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിക്കാമെന്നു സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

ഭദ്രാസന ആസ്ഥാനമായ മട്ടൻടൗണിലെ അരമനയിൽ ഭദ്രാസന അധ്യക്ഷൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത, വൈദികട്രസ്റ്റി ഫാ.ഡോ. എം.ഒ. ജോൺ എന്നിവരോടൊപ്പം സഭ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും കൗൺസിൽ അംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച് പ്രസ്താവന ഉണ്ടായത്. 300 ഏക്കറുകളിലായി 110,000 സ്ക്വയർഫീറ്റിലുള്ള കെട്ടിട സമുച്ചയവും മറ്റ് എല്ലാ സൗകര്യങ്ങളുമുള്ള റിട്രീറ്റ് സെന്റർ മലങ്കരസഭയ്ക്ക് എന്നും അഭിമാനിക്കാവുന്നതാണെന്നും ലോകമെമ്പാടുമുള്ള എല്ലാ വിഭാഗത്തിലുമുള്ള ഓർത്തഡോക്സ് വിശ്വാസികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന ഒരു ലോകോത്തര സെമിനാരി ആയും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് തിയോളജിക്കൽ സ്റ്റഡീസ് സ്ഥാപനമായി മാറുന്നതിന് വേണ്ട മാർഗ്ഗരേഖകൾ പഠിച്ചു സമർപ്പിക്കുവാൻ പരി.ബാവ ആവശ്യപ്പെട്ടു. മാനേജിങ് കമ്മിറ്റിയിലും പരിശുദ്ധ സുന്നഹദോസിലും ഇത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഭിലായി മിഷൻ സെന്റർ ആണ് പിന്നീട് നാഗ്പൂർ സെമിനാരി ആയി ഉയർത്തിയത്. ആ ഒരു പാത പിന്തുടരാവുന്നതാണ്. സഭയിലെ പുതുതലമുറയ്ക്ക് ഒരു ഗ്ലോബൽ ഐഡന്റിറ്റി ഉണ്ടാകുവാൻ ഇങ്ങനെയൊരു സെന്റർ കൊണ്ടു സാധിക്കും. അമേരിക്കയിലെ രണ്ടു ഭദ്രാസനങ്ങളും ഒന്നിച്ചു ചേർന്നു ഇതിനായി പ്രവർത്തിച്ച കരട് രേഖ സമർപ്പിക്കുവാൻ മാർ നിക്കോളോവോസിനെ പരിശുദ്ധ ബാവ ചുമതലപ്പെടുത്തി.



40 വർഷത്തിലേറെയായി നോർത്ത് അമേരിക്കയിൽ സ്ഥാപിതമായ സഭയുടെ പ്രസ്റ്റീജ് ഭദ്രാസനങ്ങളിൽ ഒന്നായി മാറിയ നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിലെ വളർച്ചയെയും സഭാ സ്നേഹത്തെയും യുവജനങ്ങളുടെ ആത്മീയമായ കാഴ്ചപ്പാടിനെയും പരിശുദ്ധ ബാവ ശ്ലാഘിച്ചു.

ഭദ്രാസന സെക്രട്ടറി ഫാ.ഡോ. വർഗീസ് എം. ഡാനിയേൽ, സഭ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ റോയി എണ്ണച്ചേരിൽ, ജോർജ് തുമ്പയിൽ, ജോസഫ് എബ്രഹാം, ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഫാ. മാത്യു തോമസ്, ഫാ. ബാബു കെ. മാത്യു, ഡോ. ഫിലിപ്പ് ജോർജ്, സജി എം. പോത്തൻ, സാജൻ മാത്യു, സന്തോഷ് മത്തായി എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

നേരത്തെ തന്നെ കൗൺസിലിന്റെ പരിഗണനയിലുണ്ടായിരുന്ന ഇക്കാര്യം മാർ നിക്കോളോവോസ് പരി. ബാവയെ അറിയിച്ചിരുന്നു. സഭ മാനേജിംഗ് കമ്മിറ്റി അംഗം ജോസഫ് എബ്രഹാമാണ് ചർച്ചയിൽ ഈ വിഷയം കൊണ്ടുവരികയും പരി. ബാവയുടെയും ഫാ. ഡോ. എം. ഒ. ജോണിന്റെയും സത്വരശ്രദ്ധ ഉണ്ടാകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തത്. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. വറുഗീസ് എം. ഡാനിയൽ ഇതു സംബന്ധിച്ച കൂടുതൽ ആഴത്തിലുള്ള വിവരങ്ങൾ പരി.ബാവയെ ധരിപ്പിച്ചു.

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷത്തോട് ആഭിമുഖ്യം കാട്ടിയതിനെക്കുറിച്ചുള്ള ചോദ്യത്തിന് സമദൂര നിലപാടാണ് സഭയുടേതെന്നാണ് പരി. ബാവ പരാമർശിച്ചത്. നമുക്ക് ആരോടും അയിത്തമില്ല. നമ്മെ പരിഗണിക്കുന്നവരെ നമ്മളും പരിഗണിക്കും. ഇപ്പോൾ നാട്ടിൽ രാഷ്ട്രീയമല്ല മറിച്ച് മണി പവർ ആണ് ഉള്ളത്. ആറന്മുളയും ചെങ്ങന്നൂരും കൊടിയുടെ നിറം നോക്കിയല്ല സഭാമക്കൾ വോട്ട് രേഖപ്പെടുത്തിയത്. എന്നിട്ടും സർക്കാർ നമ്മെ തഴഞ്ഞു. മീഡിയയെ ആശ്രയിച്ച് നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. സെൻസേഷണൽ വാർത്തകളിൽ മാത്രമാണ് അവർക്ക് താല്പര്യം. വായനക്കാരെയും കാണികളെയും കൂടെ നിർത്താൻ വാർത്തകളിൽ സെൻസേഷൻ കുത്തി നിറയ്ക്കുന്നതിലാണ് ഇപ്പോഴത്തെ മാധ്യമശ്രദ്ധ. ഇപ്പോഴത്തെ രീതിയിൽ എസ് പി റാങ്കിൽ വരെയുള്ളവരോട് കോടതി ഓർഡർ നടപ്പിൽ വരുമെന്ന് പറഞ്ഞാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. വോട്ട് ബാങ്ക് ലക്ഷ്യമാക്കി സർക്കാർ അത് ചെയ്യുന്നില്ല.

പരി. ബാവയുടെ സെക്രട്ടറി ഫാ. ജിസ് ജോൺസൺ, ഭദ്രാസന ചാൻസലർ ഫാ.തോമസ് പോൾ, ഭദ്രാസന മെത്രാപ്പോലീത്തയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. എബി ജോർജ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



### സഫേൺ സെന്റ് മേരീസ് ഇടവക 20–ാം വാർഷികാഘോഷ പരിപാടികൾക്കു തുടക്കം

# വിനയവും ദൈവാശ്രയ ബോധവും ഉണ്ടാവേണ്ട സമയമാണിത്, ഒന്നിലും അഹങ്കരിക്കരുത്: പരിശുദ്ധ ബാവ

**സ്വന്തം ലേഖകൻ**

സഫേൺ (ന്യൂയോർക്ക്): അപ്പോസ്തോലന്മാരുടെ ഇടയിൽ ഒരു തർക്കം. അപ്പോസ്തോലന്മാരിലെ പ്രധാനിമാരായ പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവർക്കിടയിലാണ് തങ്ങളിലാരാണ് വലിയവൻ എന്ന തർക്കം ഉണ്ടായത്. ഉള്ളിലൊളിപ്പിച്ച് വെച്ച തർക്കം പക്ഷേ യേശുവിന് മനസിലാക്കുവാൻ സാധിച്ചു. അടുത്തുണ്ടായിരുന്ന ഒരു കുഞ്ഞിനെ എടുത്തിട്ട്, ഈ കുഞ്ഞിന്റെ അവസ്ഥയിൽ ജീവിക്കുന്നവനാണ് വലിയവൻ എന്ന് യേശു പറഞ്ഞ് ഒരു വലിയ പാഠം പഠിപ്പിച്ചു.




ജൂലൈ 14 ഞായറാഴ്ചയിലെ ഏവൻഗേലിയോൻ ഭാഗം എടുത്ത് പ്രഭാഷണം നടത്തുകയായിരുന്നു മലങ്കര ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലൂസ് ദ്വിതീയൻ കാതോലിക്ക ബാവ. സഫേൺ സെന്റ് മേരീസ് ഇടവകയുടെ ഇരുപതാം വാർഷിക ആഘോഷ പരിപാടികളുടെ ആരംഭം കുറിച്ചചടങ്ങുകൾക്കു മുന്നോടിയായുള്ള വി.കുർബ്bാന മദ്ധ്യേ ആയിരുന്നു പരി. ബാവയുടെ പ്രഭാഷണം. ▸▸

## നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിൽ നിന്നുള്ള കാതോലിക്കാ ദിന വിഹിതം പരി. ബാവ ഏറ്റുവാങ്ങി

# നേര് നിരങ്ങിയേ വരികയുള്ളൂ, അതിപ്പോൾ വന്നു കഴിഞ്ഞു: പരി.കാതോലിക്കാ ബാവ

**സ്വന്തം ലേഖകൻ**

ലിൻഡൻ (ന്യൂജേഴ്സി): കാതോലിക്കാ ദിന ധന സമാഹരണം വഴി സഭയുടെ അടിമുടിയുള്ള അഭിവൃദ്ധിയാണ് ലക്ഷ്യമിടുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പ്രസ്താവിച്ചു. ലിൻഡൻ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ദേവാലയങ്ങളിൽ നിന്നുള്ള വിഹിതം ഏറ്റുവാങ്ങുന്നതിനു മുന്നോടിയായി അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു പരി. കാതോലിക്ക ബാവ. സഭയ്ക്ക് ഒരു സിസ്റ്റം ഉണ്ട്. അത് വളരെ സുതാര്യമാണ്. സഭയുടെ ഭൗതികമായ വളർച്ചയ്ക്കും, അനുഷ്ഠാനങ്ങളുടെ ക്രമീകരണങ്ങൾക്കും, ജനോപകാര പ്രവർത്തനങ്ങൾക്കും ഒക്കെയായി കാതോലിക്കാ ദിന സംഭാവനകളെ ചാനൽ ചെയ്യാറുണ്ട്. കാതോലിക്ക സ്ഥാപനത്തിന്റെ വികാസ പ്രക്രിയയിൽ ഈ ധനസമാഹരണത്തിന് ഏറെ സ്ഥാനമുണ്ട്. 1912-ൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിനുശേഷം പല നാളുകളായി പലതരത്തിലുള്ള വ്യവഹാരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ, അവക്കൊക്കെയും അന്ത്യം കുറിച്ചു കൊണ്ടു രണ്ടു മാസങ്ങൾക്ക് മുൻപ് ഭാരതത്തിന്റെ അത്യുന്നത നീതിപീഠം വിധിന്യായം പുറപ്പെടുവിച്ചത്. ഒരു മാസം മുൻപ് ഹൈക്കോടതിയിലെ ഒരു ജസ്റ്റിസുമായി ഒരു സംഭാഷണത്തിനിടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞത് ഇപ്പോഴത്തെ തർക്കം സുപ്രീംകോടതിയും വിഘടിത വിഭാഗവും തമ്മിലാണ് എന്നാണ്. മലങ്കര സഭ ഇന്ന് സ്വതന്ത്രയാണ്. ആരുടെയും കീഴിലല്ല. നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ പ്രാർത്ഥനയും ഉപവാസവും നേരിന്റെ വഴിയിലൂടെയുള്ള സഞ്ചാരവും ഒക്കെ നമ്മുടെ അനുഗ്രഹ സ്രോതസ്സുകളാണ്. ഗ്രാമ്യ ഭാഷയിൽ ഒരു ചൊല്ലുണ്ട്, നേര് നിരങ്ങിയേ വരികയുള്ളൂ എന്ന്. അതിപ്പോൾ വന്നു കഴിഞ്ഞു.



കാതോലിക്കാ ദിന വിഹിതം കൊടുക്കുമ്പോൾ തുകകളേക്കാൾ പങ്കാളിത്തത്തിനാണ് പ്രാമുഖ്യം. പുരാതന കാലത്ത് യഹൂദന്മാർ 20 ശേക്കെൽ കൊടുത്തിരുന്നു. നമ്മുടെ സഭ അല്ലാതെ മറ്റേത് സഭയാണ് കാതോലിക്ക ദിന ധനസമാഹരണവും അതിന്റെ കണക്കുകളും ഇത്ര സൂക്ഷ്മതയോടെ കൈകാര്യം ചെയ്തു ജനങ്ങളുമായി പങ്കിടുന്നതെന്ന് ആലോചിച്ചു നോക്കുക. ബജറ്റിൽ വക കൊള്ളിക്കാതെയോ ജനങ്ങൾ അറിയാതെയോ ഒന്നും ചെയ്യുന്നില്ല. ചിലർ ആ രീതിയിൽ കുപ്രചാരണം നടത്തുന്നത് സങ്കടകരമാണ്. ഈ ഭദ്രാസനവും ലോകമെമ്പാടുമുള്ള സഭാമക്കളും വിശ്വാസപൂർവ്വം പ്രാർത്ഥനയോടെ കാര്യങ്ങളെ നോക്കിക്കാണുകയും സഹകരിക്കുകയും ചെയ്യുന്നു. അമേരിക്കൻ ഭദ്രാസനങ്ങളിലെ സഭാ ജനങ്ങളോട് കടപ്പാടുണ്ട്. മഹാപ്രളയകാലത്ത് നിങ്ങളുടെ ഹൃദയവായ്‌വുകൾ കണ്ടതാണ്. സത്യവും നീതിയും പുലർത്തി തന്നെ മുൻപോട്ടു പോകും. അതുകൊണ്ടു തന്നെയാണ് ഭാരതത്തിന്റെ പരമോന്നത നീതിപീഠം എല്ലാ വസ്തുതകളും കണക്കിലെടുത്തു വിധിന്യായത്തിൽ എല്ലാ പഴുതുകളും അടച്ചു വിധി പറഞ്ഞത്. ഇതുപോലൊരു നീതി ലഭിച്ചതിൽ നാം നമ്മുടെ പ്രതിപക്ഷ പാർട്ടികളോട്- യാക്കോബായ സഭ- നന്ദി പറയേണ്ടതുണ്ട്. അവർ പറഞ്ഞതിന്റെ പ്രതിഫലനമായിട്ടാണ് നമുക്ക് ഈ വിധി ലഭിച്ചത്. നോർത്ത് ഈസ്റ്റ് ഭദ്രാസനം ഇതുവരെ നൽകിയ എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദി പ്രകടിപ്പിച്ചു കൊണ്ടാണ് പരി. ബാവ ഉപസംഹരിച്ചത്.

സഭയുടെ ഫിനാൻഷ്യൽ കമ്മിറ്റി പ്രസിഡന്റ് ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, കാതോലിക്കാ ദിനാചരണവും സമാഹരണവും ഒക്കെ സഭാ മക്കളുടെ കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും നിദാനമാണെന്ന് സൂചിപ്പിച്ചു. ഭദ്രാസന ജനങ്ങളും വൈദികരും സഭ പിതാവിനോട് ചേർന്നിരിക്കുന്നത് വലിയ സന്ദേശമാണ് നൽകുന്നത്.

വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ കോടതി വ്യവഹാരങ്ങൾക്കിടയിലും സഭ സാമൂഹിക പ്രതിബദ്ധതയ്ക്കു കൂടുതൽ പ്രാമുഖ്യം കൊടുക്കുന്നുണ്ടെന്നു പറഞ്ഞു. തുടർന്ന് ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും വന്ന വൈദികരും പ്രതിനിധികളും പരി. ബാവയുടെ അടുത്തെത്തി ഇടവക വിഹിതങ്ങൾ കൈമാറി. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. വർഗീസ് എം. ഡാനിയൽ സ്വാഗതം ആശംസിച്ച് യോഗ പരിപാടികൾ നിയന്ത്രിച്ചു. ഭദ്രാസന അധ്യക്ഷൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത നന്ദി പ്രകാശനം നിർവഹിച്ചു. സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ റോയി എണ്ണച്ചേരിൽ, ജോർജ് തുമ്പയിൽ, ജോസഫ് എബ്രഹാം, കൗൺസിൽ അംഗങ്ങളായ ഫാ. മാത്യു തോമസ്, ഡോ. ഫിലിപ്പ് ജോർജ്, സജി എം. പോത്തൻ, സാജൻ മാത്യു, സന്തോഷ് മത്തായി, പരി. കാതോലിക്ക ബാവയുടെ സെക്രട്ടറി ഫാ. ജിസ് ജോൺസൺ എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

സെന്റ് മേരീസ് ഇടവക വികാരി ഫാ. സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങൾ സമ്മേളന നടത്തിപ്പിനായി മികച്ച ക്രമീകരണങ്ങളാണ് നടത്തിയിരുന്നത്.









(രണ്ടാം പേജിൽ നിന്നും തുടർച്ച)

ആധുനികതയുടെ കാലത്ത് ജീവിക്കുന്ന നമുക്കു ചുറ്റും കാണുന്നത് ഇത്തരത്തിലുള്ള തർക്കങ്ങളും തന്നെത്താൻ വലിയവനാകുവാനുള്ള അഭിവാഞ്ചയുമാണ്. ഇടിച്ചിടിച്ച് നിന്ന് സ്വയം ഉയർത്താനുള്ള ചെറിയ പൊടിക്കൈകൾ അഭിലഷണീയമല്ല. കഴിഞ്ഞവർഷം കേരളത്തിലുണ്ടായ മഹാപ്രളയകാലത്ത് എല്ലാവരും ഒന്നു ചേർന്നു. ആരാണ് വലിയവൻ എന്ന ചിന്ത അവിടെ ഉണ്ടായില്ല. ജാതിയോ മതമോ സഭയോ, സമുദായമോ നോക്കാതെ, എല്ലാവരും ഒന്നായി. ജീർണ്ണതകൾ ഒട്ടേറെ ഉള്ള സാഹചര്യത്തിലും ദൈവത്തിന്റെ ഒരു സന്ദേശമായിരുന്നു ആ മഹാപ്രളയം. കേരളമക്കൾ ഒന്നായി നിന്ന് ആ സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിച്ചു.

ഇരുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വി.കുർബാനയ്ക്ക് ശേഷം കൂടിയ സമ്മേളനത്തിൽ സഭയുടെ ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ചാണ് പരി.ബാവ സംസാരിച്ചത്. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു സഭയും സമൂഹവുമാണ് നമ്മുടേത്. അതു കൊണ്ടു തന്നെ, നമ്മുടെ ഉത്തരവാദിത്വം ദൈവത്തെ സ്നേഹിക്കുക എന്നതാണ്. ദൈവത്തെ സ്നേഹിക്കുന്നതിന് മനുഷ്യനെ സ്നേഹിക്കണം. ഇവിടെയാണ് നാം താഴ്മ കാണിക്കേണ്ടത്. നമ്മുടെ പിതാക്കന്മാർ ഒട്ടേറെ കഷ്ടതകളിൽ കൂടി കടന്നുപോയവരാണ്. അവർ കാപട്യമില്ലാത്തവരായിരുന്നു. അവരുടെ പ്രാർത്ഥനയും കോട്ടയും നമ്മോടൊപ്പമുണ്ട്. നമ്മുടെ ദൈനംദിന സഭാകാര്യങ്ങളിൽ ദൈവത്തിന്റെ അളവറ്റ കൃപാവരം ഉള്ളതായി അനുഭവപ്പെടുന്നുണ്ട്. സുപ്രീം കോടതി വിധിയിൽ അത്യാഹ്ലാദത്തിന്റെ യാതൊരു ആവശ്യവുമില്ല- ഒരു കടുകുമണിക്ക് പോലും. ഏതൊക്കെ, എന്തൊക്കെ സമ്മർദ്ദമുണ്ടായാലും പരി. സഭയെ ശുഭതുറമുഖത്തേക്ക് എത്തിക്കുവാൻ എല്ലാവരും പ്രാർത്ഥിക്കണം. എങ്ങനെയെങ്കിലും എന്നത് ശരിയല്ല. കാര്യങ്ങളെപ്പറ്റി കൃത്യമായ വിവരം ഉണ്ടായിരിക്കണം.

സൗമ്യതയും വിനയവും ദൈവാശ്രയ ബോധവും ഉണ്ടാവേണ്ട സമയമാണിത്. ഒന്നിലും അഹങ്കരിക്കരുത്- അമിതമായി. മലങ്കരസഭയെ നശിപ്പിക്കുവാൻ ആരെങ്കിലും ശ്രമിച്ചാൽ, അവർ നശിക്കും എന്ന സൂചനയോടെയാണ് പരി.ബാവ ഉപസംഹരിച്ചത്.

പ്രാർത്ഥനയുടെ അടിസ്ഥാനത്തിലുള്ള കൂട്ടായ്മയെക്കുറിച്ചു പറഞ്ഞാണ് മാർ നിക്കോളോവോസ് തന്റെ ഹ്രസ്വമായ ആശംസാപ്രസംഗം തുടങ്ങിയത്. ഒരു തിരിഞ്ഞു നോട്ടത്തിന്റെ ആവശ്യമുണ്ട്. കടന്നു പോയ പാതകളെക്കുറിച്ച് ബോധ്യമുണ്ടാകണം. ദൈവം നടത്തിയ വഴികളെക്കുറിച്ചോർക്കണം. രാജു വറുഗീസ് അച്ചന്റെ നേതൃത്വത്തിലുള്ള ഇടവക ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു വരുന്നതിൽ മാർ നിക്കോളോവോസ് സംതൃപ്തി രേഖപ്പെടുത്തി.

വൈദിക ട്രസ്റ്റി ഫാ. ഡോ. എം. കെ. ജോൺ, ഭദ്രാസന സെക്രട്ടറി ഫാ. ഡോ. വറുഗീസ് എം. ഡാനിയൽ, കൗൺസിൽ അംഗം ഫാ. മാത്യു തോമസ്, ക്ലാർക്ക്സ്ടൗൺ സൂപ്പർവൈസർ ജോർജ് ഹോമാൻ, ഭദ്രാസന കൗൺസിലിനെ പ്രതിനിധീകരിച്ച് സജി എം. പോത്തൻ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ പ്രതിനിധീകരിച്ച് ജോർജ് തുമ്പയിൽ, ഇടവകയെ പ്രതിനിധീകരിച്ച് മിഷേൽ പോത്തൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

വാർഷികാഘോഷങ്ങളുടെ ഭാഗമായി പരി.ബാവയും വിശിഷ്ടാതിഥികളും ഇടവക ഭാരവാഹികളും നിലവിളക്ക് കൊളുത്തി. പരി. ബാവയുടെ നേതൃത്വത്തിലുള്ള ജീവകാരുണ്യ പ്രസ്ഥാനമായ സ്നേഹസ്പർശത്തിലേക്ക് ഇടവകയുടെ സംഭാവന ട്രസ്റ്റി റെജി കുരീക്കാട്ടിൽ കൈമാറി.

സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ റോയി എണ്ണച്ചേരിൽ, ജോസഫ് ഏബ്രഹാം, കൗൺസിൽ അംഗങ്ങളായ ഡോ. ഫിലിപ്പ് ജോർജ്, സാജൻ മാത്യു, സന്തോഷ് മത്തായി, മുൻ മാനേജിങ് കമ്മിറ്റി അംഗങ്ങളായ പോൾ കറുകപ്പിള്ളിൽ, വറുഗീസ് പോത്താനിക്കാട്, പരി. ബാവയുടെ സെക്രട്ടറി ഫാ. ജിസ് ജോൺസൺ തുടങ്ങി ഒട്ടേറെ പേർ പങ്കെടുത്തു.

ഇടവക വികാരി ഫാ. ഡോ. രാജു വറുഗീസ് പരി.ബാവയെയും മാർ നിക്കോളോവോസിനെയും പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. എംസിയായി പ്രവർത്തിച്ച ഇടവക സെക്രട്ടറി ഫിലിപ്പോസ് ഫിലിപ്പ് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. ഇടവക ക്വയറിന്റെ കാതോലിക്ക മംഗള ഗാനാലാപനത്തോടെയും ശ്ലൈഹീക വാഴ്‌വോടെയും ചടങ്ങുകൾ സമാപിച്ചു.

വിഭവസമൃദ്ധമായ ഭക്ഷണവും ക്രമീകരിച്ചിരുന്നു. ഇടവക ഭാരവാഹികളും ജനങ്ങളും വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്.


THE NORTH EAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH www.fyconf.org

# FAMILY & YOUTH CONFERENCE 2019

## JULY 17TH TO JULY 20TH , 2019

Kalahari Resorts and Conventions, 250 Kalahari Boulevard, Pocono Manor, PA 18349

## "Jesus Christ the foundation"



H G Zachariah Mar Nicholovos
Diocesan Metropolitan &
President

- ഭദ്രാസനം ഒന്നു ചേർന്നുള്ള ആരാധന
- ധ്യാനവും വിശുദ്ധ കുമ്പസാരവും
- ആദ്ധ്യാത്മിക വളർച്ചയ്ക്കുള്ള വേദപഠന ക്ലാസ്സുകൾ
- സൂപ്പർ സെഷനുകൾ
- വർണ്ണാഭമായ ഘോഷയാത്ര
- പ്രശസ്തരും പ്രഗത്ഭരുമായ പ്രാസംഗികർ
- വാട്ടർതീം പാർക്ക് പ്രവേശനം
- പരിശീലനം നേടിയ ഗായക സംഘം
- ലോകോത്തര കൺവൻഷൻ സെന്റർ

Along with the notable speakers, the talented clergy and layleaders of our diocese will be leading group sessions, workshops, and devotional addresses that will provide a spiritually rejuvenating experience for the whole family.



H H Moran Mar Baselios Marthoma Paulose II
Catholicose of the East



Rev Fr Abraham Thomas
Keynote speaker



Dr John E Parker
Youth Session Speaker



Rev Fr Sunny Joseph
Coordinator



Mr Joby John
General Secretary



Mr Mathew Varghese
Treasurer



Mr Jaison Thomas
Assistant Treasurer



Mr Thomas Varghese
Finance Chair



Mr Jacob Joseph
Souvenir Chief Editor



Mr Sunny Varghese
Business Coordinator



Rev Fr Kuriakose (Alex)
Abraham - Speaker SS



Rev Fr Thomas (Shawn)
Thomas - Speaker MGOCSM



Rev Fr Eby Paulose
Chaplain



Rev Fr Dr Raju Varghese
Choir



Rev Fr Shibu Daniel
Conference Chronicle



Rev Fr Dr Johnson John
Curriculum-Adult




Rev Fr Gheevarghese John
Curriculum-MGOCSM



Rev Fr Abraham George
Curriculum-FOCUS



Rev Dn Geevarghese
Varghese C-SS/MS



Mrs Shobha Jacob
Registration




Mr Rajan Yohannan
Publicity-Print/Web Media



Mr George Thumpayil
Publicity-Print/Web Media




Mr Cheriyan Perumal
Social Media/ IT-APP



Mr Sajan Mathew
Procession



Mr Binu Samuel
Photography



Mr John Thamaravelil
Sports & Games



Mr Ajith Vattasserril
On-site Responsibility



Mrs Jessy Thomas
On-site Responsibility



Dr Lissy George
Medical



Mrs Anu Varghese
Medical



Mr Titus Alexander
Security



Mrs Ani Ninan
Entertainment

FYC 2019 COMMITTEE



## FAMILY & YOUTH CONFERENCE COMMITTEE 2019

| | | |
|---|---|---|
| President | : | His Grace Zachariah Mar Nicholovos Metropolitan of the Northeast American Diocese |
| Coordinator | : | Rev Fr Sunny Joseph |
| General Secretary | : | Mr Joby John |
| Treasurer | : | Mr Mathew Varghese |
| Asst. Treasurer | : | Mr Jaison Thomas |
| Finance Chair | : | Mr Thomas Varghese (Saji) |
| Business coordinator | : | Mr Sunny Varghese |
| Souvenir Chief Editor | : | Mr Jacob Joseph |
| FYC 2019 Committee members | | |
| Souvenir Editors | : | M/s Anu Joseph, Reena Susan Mathews, Krisa Varghese, Samuel Mathew (Sunil), Ammukutty Paulose, Bindu Rinu, Deepthi Mathew, Mathai Chacko |
| Finance Members | : | M/s George Varghese (Mony), Isaac Cherian, George Thomas (Boban), John Thamaravelil, Philipose Samuel, Rosemary Yohannan, Mary Varughese, Geo Chacko, Mariamma Abraham - Leelamma, Thomas Koshy, Abraham Mathai, Jeemon Varghese, Noble Varghese, Cheriyan Perumal, George Philip, Paul John, Susan Thomas |
| Area Co-ordinators | : | M/s Suja Philipose, Rajan George, Mini George, Abraham Mathai, John Varghese, Geevarghese Thomas, Biju Thomas, Eins Chacko, Vinu Kurian, Jinu Peter |
| Registration/Checking | : | Mrs Shobha Jacob |
| Media & Publicity | : | M/s Rajan Yohannan, George Thumpayil |
| Social Media | : | Mr Cheriyan Perumal, Ms Juby Kurian |
| Website | : | M/s Binu Samuel, Ajith Varghese, Benu Varghese |
| Food & Drinks | : | Mr Joseph Varkey |
| Conference Chronicle | : | Rev Fr Shibu Daniel, M/s Mathew Samuel (Sunil), Rajan Yohannan, George Thumpayil, Philipose Philip |
| Security | : | Mr Titus Alexander |
| On-site coordinator | : | M/s Jessy Thomas, Ajith Vattasseril |
| Procession | : | M/s Sajan Mathew, Ajith Vattasseril |
| IT – APP | : | Mr Cheriyan Perumal |
| Photo & Video | : | M/s Binu Samuel, Ajith Varghese |
| Onsite Audio | : | Nadam Sound & Lighting Production Company |
| Entertainment | : | M/s Ani Ninan, Anu Peter (Kochamma), Sheela Joseph |
| Sports | : | M/s John Thamaravelil, Saji Pothen |
| Medical | : | M/s Anu Varghese, Dr Jolly Thomas, Dr Lizzyamma George, Rachel George, Rinkle Biju, Aleyamma Varghese, Mary Parambil |
| Chaplain | : | Rev Fr Eby Paulose |
| Curriculum Adult | : | Rev Fr Dr Johnson John |
| Curriculum FOCUS/GROW | : | Rev Fr Abey George |
| Curriculum MGOCSM | : | Rev Fr Geevarghese John |
| Curriculum Sunday School | : | Rev Dn Geevarghese Varghese, M/s Rintu Mathew, Jeethu Varghese, Marianne Koshy, Chinnu Mathew |
| Choir Leader | : | Rev Fr Dr Raju Varghese |
| Diocesan Council | : | Rev Fr Dr Varughese M Daniel (Diocesan Secretary), Rev Fr Babu K. Mathew, Rev Fr Mathew Thomas, Dr Philip George, M/s Saji M. Pothen, Sajan Mathew, Santosh Mathai |
| Malankara Association Managing Committee Members | : | Rev Fr Laby George Panackamattam, M/s Roy Ennacheril, George Thumpayil, Joseph Abraham |
| Diocesan Chancery Staff | : | |
| Chancellor | : | Rev Fr Thomas Paul |
| Principal Secretary | : | Rev Fr Abraham (Abey) George |
| Executive Assistant to Metropolitan | : | Rev Fr Daniel (Dennis) Mathai |
| Auditor | : | Mr Thambi Ninan |










America's Largest Indoor Waterparks, Resorts & Convention Centers. From toddlers to teens and moms to dads, everyone finds their oasis at Kalahari Resorts & Conventions in Pocono Mountains, Pennsylvania. The getaway boasts hair-raising waterslides, world-class spas, kids' play areas, and diverse dining options. Go ahead, make everyone's day.

## Thursday July 18th 2019

▸ 6:00 A.M Midnight Prayer [Lilyo]- Malayalam-Ballroom, Midnight Prayer [Lilyo]- English (Orange.) ▸ 6:45 A.M Morning Prayer- Malayalam-Ballroom-Morning Prayer- English (Orange) ▸ 7:15 A.M Devotional Address & Silent Ballroom Rev. Fr. Dr. George Koshy Meditation- Malayalam Devotional Address & Silent (Orange) Rev. Fr. Kuriakose Abraham Meditation-English ▸ 7:40 A.M Breakfast Dining Hall ▸ 8:40 P.M Choir: Ballroom ▸ 9:00 A.M Keynote Address 1- Adults Ballroom Rev. Fr. Abraham Thomas Keynote Address 1- FOCUS, Zambezi, Very. Rev. Dr. John E Parker lll, Keynote Address 1- MGOCSM* Nile, Rev. Fr. Shawn Thomas Sunday School Class- Preschool Aloeswood, Mrs. Marianne Koshy Sunday School Class- Elementary, Rosewood, Rev. Fr. Kuriakose Abraham Sunday School Class- Middle School, Rosewood Rev. Fr. Kuriakose Abraham, ▸ 10:30 A.M Coffee Break ▸ 10:45 A.M Group Discussions Ball Room, FOCUS. Zambezi, V. Rev. Fr. John Parker, MGOCSM, Nile, Rev. Fr. Shawn Thomas, Preschool Activity, Aloeswood, Mrs. Marianne Koshy, Elementary Activity, Ironwood, Ms. Jeethu Varghese and Ms. Chinnu Mathews, Middle School Activity, Rosewood, Ms. Rintu Mathew ▸ 12:00 P.M, Noon Prayer- MGOCSM and FOCUS, Orange Noon Prayer- Adults and Sunday School* Ballroom ▸ 12:15 PM, Lunch, ▸ 1:30 PM- 2:00 PM, Clergy Association Rosewood, Baskyomo Association, Nile, Sunday School Meeting Aloeswood, MMVS Meeting, Orange MGOCSM Meeting, Zambezi, ▸ 2:00 P.M to 3:00 P.M Yoga, Orange, ▸ 2:00 PM-3:00PM, Roundtable discusion about retirment accounts and required minimum distribution, Rosewood ▸ 2:00PM to 3PM Super Session, Nile Rev. Fr. Dr. Varghese M. Daniel, Mr. Joe Abraham, ▸ 3:00PM-5:00PM Sports Activities (Tug of War, Race, Basketball, etc), courtyard V. Rev. Fr. John Parker, Enjoy Water Theme Park, Water Theme Park, ▸ 5:30 P.M Dinner, Dining Hall ▸ 6:30 P.M Choir, Ballroom, ▸ 7:00 P.M Evening Prayer-Malayalam, Ballroom Devotional Addresss- Malayalam, Rev. Fr. Abu Peter, Evening Prayer- English, Orange, Devotional Addresss-English, Rev. Fr. Daniel Mathai, ▸ 7:30 PM, Spiritual Organization's Update and HTRC Update, Ballroom, ▸ 7:30 PM Camp Fire, CourtYard, ▸ 8:30 PM Coffee & Snacks, Empress, ▸ 9:00 PM Executive Committe Meeting ▸ 11:00 PM Lights Out

## ABOUT KALAHARI




Kalahari is a brand new and spectacular resort with a thrilling water theme park and relaxing 5-star hotel rooms. The Convention Center at Kalahari features 65,000 sq. ft. of flexible meeting space for events both large and small, along with award-winning catering and state-of-the-art technology to make your next event unforgettable. When you visit Kalahari Resorts, you'll know right away you're somewhere special. Featuring an exciting mix of rides, slides and adventures, it's an incredible time for the whole family. From the amazing Indoor and Outdoor Water Parks to the thrilling Outdoor Adventure Park, They offer an array of attractions for children of all ages, whether they're 3 or 13 or 30 and up. Plus, with amenities such as Spa Kalahari & Salon, exceptional dining options and amenities, Kalahari goes beyond your expectations.

Printed and published for the 2019 Family and Youth Conference, a Ministry of the Northeast American Diocese under the spiritual leadership of HG Zachariah Mar Nicholovos Metropolitan. Conference Coordinator : Rev. Fr. Sunny Joseph, (718)608-5583, frsunny1@aol.com, General Secretary: Joby John (201)321-0045, Joby.John@gmail.com, Treasurer: Mathew Varughese (631) 891-8184, babyammal@hotmail.com Conference Chronicle Chief Editor: Rev Fr Shibu Daniel. Editor: George Thumpayil, (973)943-6164, thumpayil@aol.com. Contributing Editors: Mathew Samuel (Sunil), Rajan Yohannan, Philipose Philip, Cherian Perumal. Photo Editor: Binu Samuel.